

# സഭ പ്രേഷിത സമൂഹം

സീറോ മലബാർ സഭയുടെ വിശ്വാസ
പരിശീലന പാഠാവലി.

10

# പാഠം 5

# സത്യവിശ്വാസ സംരക്ഷകർ



സത്യവിശ്വാസത്തിന്റെ ഉറവിടങ്ങൾ
വിശുദ്ധ ലിഖിതവും പാരമ്പര്യങ്ങളുമാണ്. ഇവ
വ്യാഖ്യാനിക്കാനും പഠിപ്പിക്കാനുമുള്ള അധികാര
വും അവകാശവും സഭയ്ക്കുള്ളതാണ്. സഭയാ
കുന്ന അമ്മയുടെ മടിയിലിരുന്നു വേണം വചനം
പഠിക്കുവാൻ.

# ശീശ്മകളും പാഷണ്ഡതകളും

സഭയുമായി ഐക്യമില്ലാതെ വിഘടിച്ചു നിൽക്കുന്നതിനാണ് ശീശ്മ എന്നുപറയുന്നത്. ക്രിസ്തീയ വിശ്വാസത്തിനെതിരായ സിദ്ധാന്തങ്ങളെ പാഷണ്ഡത എന്നുപറയുന്നു. വിശ്വാസരഹസ്യങ്ങളുമായി ബന്ധപ്പെട്ടാണു പാഷണ്ഡതകൾ രൂപപ്പെട്ടത്. സഭയുടെ സത്യവിശ്വാസ പ്രബോധനങ്ങൾ നിരാകരിച്ച് അതിന് വിരുദ്ധമായി പഠിപ്പിക്കുന്നതാണു പാഷണ്ഡത.

പരിശുദ്ധ ത്രിത്വം, പുത്രനായ ദൈവം, പരിശുദ്ധാത്മാവ് എന്നിവരെ സംബന്ധിച്ചാണുപ്രധാന പാഷണ്ഡതകൾ.

ദൈവം ഏകനായതിനാൽ പിതാവ് പുത്രൻ പരിശുദ്ധാത്മാവ് എന്നീ മൂന്ന് വ്യക്തികളില്ല എന്നുള്ള അബദ്ധ സിദ്ധാന്തമാണ് ,
മൊണാർക്കിയനിസം.

ദൈവസ്വഭാവവും മനുഷ്യസ്വഭാവവും അതിന്റെ പൂർണ്ണതയിൽ ഒരു വ്യക്തിയിൽ സമ്മേളിക്കുക അസാധ്യമാണ്. പുത്രൻ സ്വീകരിച്ചത് ആത്മാവില്ലാത്ത മനുഷ്യശരീരമായിരുന്നു. ദൈവത്തിന്റെ വചനം ഈ ശരീരത്തിൽ ആത്മാവായി വർത്തിച്ചു എന്നേയുള്ളൂ എന്ന് അപ്പോളിനാരിസം പഠിപ്പിക്കുന്നു.

# ആധുനിക കാലഘട്ടത്തിലെ അബദ്ധ പ്രബോധനങ്ങൾ

ഈശോയുടെ ദൈവത്വം നിഷേധിക്കുന്ന യഹോവ സാക്ഷികൾ ആദിമകാലഘട്ടത്തെ പാഷണ്ഡതകളായ ആര്യനിസം, മൊണാർക്കിയനിസം എന്നിവയുടെ വകഭേദങ്ങളാണ്.

# അപ്പസ്തോല പിതാക്കന്മാർ

ഒന്നാം നൂറ്റാണ്ടിലും രണ്ടാം നൂറ്റാണ്ടു പകുതിവരെ
യുള്ള കാലഘട്ടത്തിലും ജീവിച്ചിരുന്ന ക്രിസ്തീയ ഗ്രന്ഥ
കാരന്മാരെയാണ് അപ്പസ്തോലിക പിതാക്കന്മാരെന്ന് വിളി
ക്കുന്നത്.

# വിശ്വാസ സംരക്ഷകർ

രണ്ടാം നൂറ്റാണ്ടിൽ ക്രിസ്തുമതത്തിനെതിരായി
പൊന്തിവന്ന ആരോപണങ്ങൾക്കും ഭീഷണികൾക്കുമെതി
രായി സത്യവിശ്വാസം സംരക്ഷിക്കുവാൻ എഴുതുകയും
പ്രവർത്തിക്കുയും ചെയ്യുന്നവരെയാണു വിശ്വാസ സംരക്ഷ
കരെന്ന് വിളിക്കുന്നത്.

# സഭാപിതാക്കന്മാർ

ആദ്യത്തെ ഏഴു നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്നവരും സഭ ഔദ്യോഗികമായി അംഗീകരിച്ചിട്ടുള്ളവരും സഭയ്ക്ക് ആധികാരിക പ്രബോധനം നൽകിയിട്ടുള്ളവരുമായ വിശുദ്ധാത്മാക്കളെയാണു സഭാപിതാക്കന്മാരെന്ന് വിളിക്കുന്നത്.

1. വി. അത്തനേഷ്യസ് (295–373)
2. വി. ബേസിൽ (329–379)
3. വി. ജോൺ ക്രിസോസ്റ്റോം (344 – 407)
4. വി. അഗസ്തിനോസ് (354 – 430)

# പൗരസ്ത്യ സുറിയാനി പിതാക്കന്മാർ

അബദ്ധ സിദ്ധാങ്ങൾ ബലപ്പെട്ടപ്പോൾ
ദൈവീകവും ധാർമ്മീകവുമായ കാര്യങ്ങൾ പാര
മ്പര്യത്തിനനുസരിച്ചു വിവരിച്ചുകൊണ്ടു സുറി
യാനി സഭയുടെ ഔന്നത്യം ഉയർത്തിക്കാട്ടുവാൻ
അവർ പരിശ്രമിച്ചു. ആരാധനാക്രമത്തെ ധന്യമാ
ക്കുന്നതിനും, സുറിയാനി സഭയിലെ സന്യാസജീ
വിതത്തിന് ആശയും ആവേശവും പകരുന്ന
തിനും ഈ പിതാക്കന്മാർ ഉത്സുകരായിരുന്നു.

1. വി. അപ്രേം (പരിശുദ്ധാത്മാവിന്റെ വീണ)

2. സാറൂഗിലെ വി. യാക്കോബ്

3. ലിസിബിസിലെ നർസായി

# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* സത്യവിശ്വാസത്തിന്റെ ഉറവിടങ്ങൾ വിശുദ്ധ ഗ്രന്ഥവും പാരമ്പര്യങ്ങളുമാണ്.

* അതു വ്യാഖ്യാനിക്കാനും പഠിപ്പിക്കാനുമുള്ള അധികാരവും അവകാശവും സഭയ്ക്കുള്ളതാണ്.

* എന്നാൽ സഭയുടെ പഠനങ്ങൾക്കെതിരായ പാഷണ്ഡതകൾ സഭയുടെ ആരംഭകാലം മുതൽത്തന്നെ ഉണ്ടായിരുന്നു.





* രണ്ടാം നൂറ്റാണ്ടിൽ ക്രിസ്തുമതത്തിനെതിരായി
ഉയർന്നു വന്ന ആരോപണങ്ങൾക്കും ഭീഷണി
കൾക്കും എതിരായി സത്യവിശ്വാസം സംരക്ഷിക്കു
വാൻ എഴുതുകയും പ്രവർത്തിക്കുകയും ചെയ്തവ
രാണ് വിശ്വാസസംരക്ഷകർ.

* ആദ്യത്തെ ഏഴു നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്നവരും
സഭ ഔദ്യോഗികമായി അംഗീകരിച്ചിട്ടുള്ളവരും
സഭയ്ക്ക് ആധികാരികപ്രബോധനം നൽകിയിട്ടുള്ള
വരുമായ വിശുദ്ധാത്മാക്കളെയാണു സഭാപിതാക്ക
ന്മാർ എന്നു പറയുന്നത്.

* ഇവർ സത്യവിശ്വാസത്തോടു പുലർത്തിയ വിശ്വസ്ത
തയും അടുത്ത തലമുറയ്ക്ക് അതുപകർന്നു
നൽകാൻ കാണിച്ച ശ്രദ്ധയും അനുകരണീയമാണ്.

# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* ക്രൈസ്തവവിശ്വാസത്തിൽ നിലനിൽക്കാനുള്ള ശ്രദ്ധയും താല്പര്യവും.

* സഭാപിതാക്കന്മാരോടും വിശ്വാസസംരക്ഷകരോടും ആദരവും സ്നേഹവും.



# സ്വന്തമാക്കേണ്ട ശീലങ്ങൾ

* സത്യവിശ്വാസത്തെക്കുറിച്ച് പഠിക്കുവാനുള്ള നിഷ്ഠം.

* സഭാപിതാക്കന്മാരുടെ വചനങ്ങൾ വായിക്കുന്നു.